# പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (അക്കാദമിക്) നടപടി ഉത്തരവ്

## (ഹാജർ: ജിമ്മി.കെ.ജോസ്)

വിഷയം:- പൊതുവിദ്യാഭ്യാസം- എയ്ഡഡ്- നിയമനാംഗീകാരം- ശ്രീമതി പി റംല, പാർട്-ടൈം എൽ.ജി അറബിക് ടീച്ചർ- കെ.സി.എൻ. എം.എ. എൽ.പി സ്കൂൾ, ശങ്കരമ്പാടി-റിവിഷൻ പെറ്റീഷൻ- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1) 01/10/2011 ലെ സ.ഉ (പി) നമ്പർ 199/2011/പൊ.വി.വ
2) കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/06/2014 ലെ കത്ത് നമ്പർ എഫ് 2/130/2014
3) കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/11/2014 ലെ നടപടി ഉത്തരവ് നമ്പർ 2878/സി/2014
4) 19/08/2005 ലെ ജി.ഒ (പി) നമ്പർ 317/2005/പൊ.വി.വ
5) 12/01/2010 ലെ സ.ഉ (പി) നമ്പർ 10/10/പൊ.വി.വ
6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/11/2011 ലെ ഉത്തരവ് നമ്പർ എച്ച് 2/35920/2011/ഡി.പി.ഐ
7) കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/01/2012 ലെ ഉത്തരവ് നമ്പർ ഇ/3998/2011/കെ.ഡിസ്
8) ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂൾ മാനേജരുടെ 24/01/2017 ലെ ഹിയറിംഗ് നോട്ട്
9) കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18/01/2017 ലെ റിപ്പോർട്ട് നമ്പർ ബി2/792/2017
10) കാസർകോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2017 ലെ കത്ത് നമ്പർ ബി3/207/17
11) കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/07/2016 ലെ കത്ത് നമ്പർ 6/1/സി/2015

## ഉത്തരവ് നമ്പർ ജി1/5091/2015/ഡി.പി.ഐ തീയതി 07/04/2017

പരാമർശം (1) ലെ ഉത്തരവ് വഴി സർക്കാർ പ്രഖ്യാപിച്ച അധ്യാപക പാക്കേജിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ കാസർകോഡ് ഉപജില്ലയിലെ ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂളിൽ പാർട്-ടൈം എൽ.ജി അറബിക് ടീച്ചറായി നിയമനാംഗീകാരം ലഭിച്ചയാളാണ് ശ്രീമതി പി റംല. ഈ അധ്യാപിക ഇപ്രകാരം തുടർന്നു വരവെ, ഇവർക്കു നൽകിയ നിയമനാംഗീകാര ത്തിന്മേൽ കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം (2) ലെ കത്ത് വഴി താഴെപ്പറയുന്ന തടസ്സവാദങ്ങൾ ഉന്നയിച്ചു.

(1) 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിലെ ശങ്കരമ്പാടി കെ.സി.എൻ. എം.എ.എൽ.പി സ്കൂളിന്റെ തസ്തികനിർണയങ്ങളിൽ പാർട്-ടൈം എൽ.ജി അറബിക് ടീച്ചർ തസ്തിക അനുവദിച്ചിട്ടില്ല.

(2) 2010-11 വർഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

(3) 12/01/2010 ലെ ജി.ഒ (പി) നമ്പർ.10/10/പൊ.വി.വ ലെ വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടില്ല.

(4) സ്കൂൾ പുതുതായുണ്ടായ സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതാണെങ്കിലും അത്തരം സ്കൂളുകളിലെ നിയമന വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടില്ല.
(5) കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്യായമായും, മാനേജരെ അറിയിക്കാതെയുമാണ് ശ്രീമതി പി റംലയുടെ പേര് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയത്.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദങ്ങൾ ലഭിച്ചതോടെ കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീമതി പി റംലയുടെ 2014 ഒക്ടോബർ മാസം മുതലുള്ള ശമ്പളം തടഞ്ഞു. മാത്രമല്ല പരാമർശം (3) ലെ ഉത്തരവ് പ്രകാരം, ഈ അധ്യാപിക വാങ്ങിയ ശമ്പളവും അലവൻസുകളും തിരിച്ചടച്ച് ചലാൻ ഹാജരാക്കാനും അദ്ദേഹം നിർദേശിച്ചു. ഇതിനെതിരെ ശ്രീമതി പി റംല സമർപ്പിച്ച റിവിഷൻ ഹർജിയിൽ 24/01/2017 ന് ബന്ധപ്പെട്ടവരെയെല്ലാം വിളിച്ചു ചേർത്ത് ഒരു ഹിയറിംഗ് നടത്തുകയുണ്ടായി. ശ്രീമതി പി റംല, സ്കൂൾ മാനേജർ, കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പ്രതിനിധികൾ എന്നിവർ ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.

ഹിയറിംഗിൽ പങ്കെടുത്തവർ സമർപ്പിച്ച രേഖകളും അവരുടെ വാദങ്ങളും വിശദമായിത്തന്നെ പരിശോധിച്ചു. കൂടാതെ ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂളിന്റെ 2006-07 മുതൽ 2015-16 വരെയുള്ള തസ്തികനിർണയ ഫയലുകൾ 24/03/2017 ന് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെ അയച്ച് പരിശോധിപ്പിക്കുകയും ചെയ്തു. ശ്രീമതി പി റംലയുടെ നിയമനം, അധ്യാപകപാക്കേജ് വഴിയുള്ള നിയമനാംഗീകാരം, വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദം, തുടർന്ന് നാളിതുവരെ ഈ അധ്യാപിക അനുഭവിച്ച ദുരിതങ്ങൾ എന്നിവയുടെ വിശദമായ നേർചിത്രം ഈ പ്രമാണങ്ങളിൽ നിന്നു ലഭിച്ചിട്ടുണ്ട്. അവ ഡിപ്പാർട്ടുമെന്റിലെ എല്ലാവരുടെയും കണ്ണ് തുറപ്പിക്കേണ്ടതുമാണ്.

ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂൾ 1979-80 ലാണ് പ്രവർത്തനം ആരംഭിച്ചത്. ആയതിനാൽ ഈ വിദ്യാലയം പുതുതായുണ്ടായ സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നതാണ്. ഈ സ്കൂളിൽ 2006-07 അധ്യയന വർഷം ഉണ്ടാകുമെന്നു പ്രതീക്ഷിച്ച ഒരു അധിക തസ്തികയിലാണ് മാനേജർ 01/08/2006 മുതൽ ശ്രീമതി പി റംലയെ പാർട്-ടൈം എൽ.ജി അറബിക് ടീച്ചറായി നിയമിക്കുന്നത്. ഒന്നാം സ്റ്റാൻഡേർഡിൽ 12 കുട്ടികളാണ് പ്രസ്തുത വർഷം അവിടെ അറബിക് ഭാഷ പഠിക്കാനുണ്ടായിരുന്നത്. 28/09/2006 ന് ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തിയ കാസർകോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇത് ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം XXIII, റൂൾ 2 A (1) പ്രകാരം ഇതിന് ഒരു പാർട്-ടൈം എൽ.ജി അറബിക് ടീച്ചർ തസ്തിക അനുവദിക്കാൻ കഴിയുമെങ്കിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം നടത്തുന്നതിനും പരാമർശം (4) ലെ ഉത്തരവ് വഴി അക്കാലത്ത് നിലനിന്നിരുന്ന നിരോധനം മൂലം പ്രസ്തുത തസ്തിക അന്ന് അനുവദിക്കപ്പെട്ടില്ല. അതുകൊണ്ടുതന്നെ ശ്രീമതി പി റംലയ്ക്ക് നിയമനാംഗീകാരവും ലഭിച്ചില്ല. ശ്രീമതി പി റംല നിയമനാംഗീകാരമില്ലാതെ തന്നെ ജോലിയിൽ തുടർന്നു.

അധിക തസ്തികകളിലെ നിയമനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം പിന്നീട് സർക്കാർ പരാമർശം (5) ലെ ഉത്തരവ് വഴി പിൻവലിക്കുകയും അതിൽ

ഉൾക്കൊള്ളിച്ചിരുന്ന ചില വ്യവസ്ഥകൾ മാനേജർമാർ പാലിക്കുമെന്ന സത്യവാങ് മൂലം വാങ്ങിക്കൊണ്ട് നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നിർദേശിക്കുകയും ചെയ്തു. എന്നാൽ ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂൾ മാനേജർ പ്രസ്തുത വ്യവസ്ഥകൾ പാലിക്കുമെന്ന ബോണ്ട് സമർപ്പിക്കാതിരുന്നതിനാൽ ശ്രീമതി പി റംലയുടെ നിയമനാംഗീകാരം അപ്പോഴും പരിഗണിക്കപ്പെട്ടില്ല.

തുടർന്ന്, പരാമർശം (1) ലെ ഉത്തരവ് വഴി സർക്കാർ "അധ്യാപകപാക്കേജ്" പ്രഖ്യാപിച്ചു. 2006-07 വർഷം മുതൽ വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും ശമ്പളവുമില്ലാതെ തുടരുന്ന അധ്യാപകർക്ക് അവരെ നിയമിച്ചിരിക്കുന്ന തസ്തികയും ഒഴിവും 01/06/2011 ലും തുടരുന്നുവെങ്കിൽ പ്രസ്തുത തീയതി മുതൽ നിയമനാംഗീ കാരം നൽകാനായിരുന്നു സർക്കാർ ഈ ഉത്തരവിലൂടെ നൽകിയ ഒരു പ്രധാന നിർദേശം. വിദ്യാഭ്യാസ ഓഫീസർമാർ തയ്യാറാക്കിയ ഇത്തരം അധ്യാപകരുടെ ലിസ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ചാണ് ഡയറക്ടറുടെ അംഗീ കാരത്തിനായി അയച്ചത്. കാസർകോഡ് ജില്ലയിൽ ഇപ്രകാരം തയ്യാറാക്കിയ, പരാമർശം (1) ലെ ഉത്തരവിലെ അനുബന്ധമായി പ്രസിദ്ധീകരിച്ചിരുന്ന ലിസ്റ്റിൽ ശ്രീമതി പി റംലയുടെ പേര് ഉൾപ്പെട്ടിരുന്നില്ല. എന്നാൽ ഈ ലിസ്റ്റിൽ ചില സംശയങ്ങ ളുയർന്നപ്പോൾ വിദ്യാഭ്യാസ ഉപഡയറക്ടർ തന്നെ ലിസ്റ്റ് പുനഃപരിശോധിക്കുകയും ചിലരെ ഒഴിവാക്കുകയും മറ്റു ചിലരെ കൂട്ടിച്ചേർക്കുകയും ചെയ്ത് ലിസ്റ്റ് പുനഃസമ ർപ്പിച്ചു. പരാമർശം (6) ലെ ഉത്തരവ് വഴി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഈ ലിസ്റ്റിന് അന്തിമമായി അംഗീകാരം നൽകി. ഈ ലിസ്റ്റിൽ ക്രമ നമ്പർ 29 ആയി ഉൾപ്പെടുത്തിയിരിക്കുന്ന ആളാണ് ശങ്കരമ്പാടി കെ.സി.എൻ.എം.എ.എൽ.പി സ്കൂളി ലെ പാർട്-ടൈം അറബിക് ടീച്ചറായ ശ്രീമതി പി റംല.

ശമ്പളമില്ലാതെ തുടരുന്ന അധ്യാപകരുടെ ലിസ്റ്റിൽ പേര് ഉൾപ്പെട്ടതോടെ, പരാമർശം (7) ലെ ഉത്തരവ് വഴി കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി പി റംലയ്ക്ക് പാർട്-ടൈം അറബിക് അധ്യാപികയായി 01/06/2011 മുതൽ നിയമനാംഗീകാരം നൽകി. പരാമർശം (1) ലെയും (6) ലെയും ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നിയമനാംഗീകാരം നൽകുന്നതെന്ന് ഈ ഉത്തരവിൽ കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദേശിച്ചതിന്റെ അടിസ്ഥാന ത്തിൽ നൽകിയ ടി. നിയമനാംഗീകാരത്തിന്റെ സാധുതയെയാണ് പരാമർശം (2) ലെ കത്ത് വഴിയുള്ള ഓഡിറ്റ് തടസ്സവാദങ്ങൾ ഉന്നയിച്ച് കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ ചോദ്യം ചെയ്തിരിക്കുന്നത്. ഇതോടെ ശ്രീമതി പി റംലയുടെ 2014 ഒക്ടോബർ മുതലുള്ള ശമ്പളം തടയപ്പെട്ടെന്നു മാത്രമല്ല, അവർക്ക് 01/06/2011 മുതൽ ലഭിച്ച നിയനാംഗീകാരം തന്നെ റദ്ദാക്കാതിരിക്കാനുള്ള 'കാരണം കാണിക്കൽ നോട്ടീസും' നൽകിയിരിക്കുകയാണ്. 01/06/2011 മുതൽ ഈ അധ്യാപിക വാങ്ങിയ ശമ്പളം തിരിച്ചടയ്ക്കാനും കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിക്കഴിഞ്ഞു.

ഇനി ഇതിനൊക്കെ കാരണമായ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സവാദങ്ങളുടെ കുറ്റകരമായ അർത്ഥശൂന്യത കൂടി പരിശോധിക്കേണ്ടതുണ്ട്. അവയുടെ വിശകലനം താഴെപ്പറയുന്നു.

1) **<u>2006-07 മുതൽ 2009-10 വരെ പാർട്-ടൈം അറബിക് ടീച്ചർ തസ്തിക അനുവദിച്ചിട്ടില്ല.</u>**

"എന്തിന് അനുവദിക്കണം?" എന്ന ഒരു മറുചോദ്യമാണ് ഇവിടെ ഉന്നയിക്കേണ്ടത്. 01/06/2011 മുതൽ മാത്രം നിയമനാംഗീകാരം നൽകാൻ നിർദേശിക്കപ്പെട്ട ആളിന് അത് നൽകാൻ വേണ്ടി പ്രസ്തുത തീയതിക്കു മുമ്പ് തസ്തിക അനുവദിക്കേണ്ട യാതൊരാവശ്യവുമില്ല. മാത്രമല്ല ഇപ്രകാരം ഒരു നിർദേശം അധ്യാപകപാക്കേജിന്റെ കാലയളവിൽ സർക്കാരോ പൊതുവിദ്യാഭ്യാസ ഡയറക്ടറോ നൽകിയിട്ടുമില്ല.

അധ്യാപകപാക്കേജ് വഴി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ചവരുടെ മുൻകാല സർവീസ് അംഗീകരിക്കാൻ സർക്കാർ നിർദേശം ഉണ്ടാകുമ്പോഴാണ് 2006-07 മുതലുള്ള തസ്തികനിർണയത്തിന് പ്രസക്തിയുണ്ടാകുന്നത്.

2) **<u>2010-11 വർഷത്തിൽ ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തിയിട്ടില്ല</u>**

അക്കാലത്ത് നിലനിന്നിരുന്ന, കെ.ഇ.ആർ അധ്യായം XXIII, റൂൾ 12 പ്രകാരം അധിക ഡിവിഷനോ തസ്തികയ്ക്കോ അർഹതയുണ്ടെന്നു കാണുമ്പോഴാണ് ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തേണ്ടത്. ഈ വിദ്യാലയത്തിൽ പാർട്-ടൈം അറബിക് ടീച്ചറുടെ അധിക തസ്തികയ്ക്ക് അർഹതയുണ്ടായ 2006-07 ലും, ഫുൾടൈം അറബിക് ടീച്ചറുടെ അധിക തസ്തികയ്ക്ക് അർഹതയുണ്ടായ 2009-10 ലും ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഹയർ ലെവൽ വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമൊന്നുമില്ല. 2006-07 ലെ ഹയർ ലെവൽ വെരിഫിക്കേഷനിലൂടെ ബോധ്യപ്പെട്ട പാർട്-ടൈം തസ്തികയിലാണ് ശ്രീമതി പി റംലയുടെ നിയമനം. ഇതിന് 01/06/2011 മുതൽ അംഗീകാരം നൽകുകയാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെയ്തത്.

3) **<u>12/01/2010 ലെ ജി.ഒ (പി) നമ്പർ 10/10/പൊ.വി.വ ലെ വ്യവസ്ഥകൾ മാനേജർ പാലിച്ചില്ല.</u>**

കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ ഈ വിഷയത്തിൽ ഉന്നയിച്ച ഏറ്റവും നിരർത്ഥകവും, അധ്യാപകപാക്കേജിന്റെ ലക്ഷ്യത്തെയും അന്ത:സത്തയെയും ചോദ്യം ചെയ്യുന്നതുമായ തടസ്സവാദമാണിത്. മാനേജർ 12/01/2010 ലെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിരുന്നെങ്കിൽ 01/08/2006 മുതൽ തന്നെ ശ്രീമതി പി റംലയ്ക്ക് നിയമനാംഗീകാരം ലഭിക്കുമായിരുന്നു. ഈ ഉത്തരവിലെ നിർദേശങ്ങൾ മാനേജർ പാലിക്കാതിരുന്നതുകൊണ്ടാണ് ശ്രീമതി പി റംല യുടെ പേര് അധ്യാപകപാക്കേജിന്റെ ഭാഗമായ "ശമ്പളമില്ലാതെ തുടരുന്ന അധ്യാപകരുടെ ലിസ്റ്റിൽ" ഉൾപ്പെട്ടതും അവർക്ക് 01/06/2011 മുതൽ നിയമനാംഗീകാരം നൽകാൻ സർക്കാർ നിർദേശിച്ചതും. സംസ്ഥാനത്തെ ചില മാനേജർമാർ ടി. നിർദേശങ്ങളും, ന്യൂ സ്കൂളുകളിലെയും അൺ ഇക്കണോമിക് സ്കൂളുകളിലെയും നിയമനങ്ങൾ സംബന്ധിച്ച ചില വ്യവസ്ഥകളും പാലിക്കാത്തതിനാൽ അവരുടെ വിദ്യാലയ

ങ്ങളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരം നൽകാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് സർക്കാർ 'അധ്യാപക പാക്കേജ്' പ്രഖ്യാപിച്ചുകൊണ്ട് അത്തരം അധ്യാപകർക്ക് 01/06/2011 മുതൽ നിയമനാംഗീകാരം നൽകാൻ നിർദേശിച്ചത്. അധ്യാപകപാക്കേജിന്റെ ഈ അടിസ്ഥാന തത്ത്വം പോലും മനസ്സിലാക്കാതെയായിപ്പോയി ഈ ഓഡിറ്റ് തടസ്സവാദം.

4) **<u>പുതുതായുണ്ടായ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാകയാൽ മാനേജർ നിയമനവ്യവസ്ഥകൾ പാലിച്ച് നിയമനം നടത്തണമായിരുന്നു.</u>**

മേൽ ഖണ്ഡികയിലെ വിശകലനം തന്നെ ഈ തടസ്സവാദത്തിനും ബാധകം. അധിക തസ്തികകളിലെ നിയമനം, ന്യൂ സ്കൂളുകളിലെയും അൺ ഇക്കണോമിക് സ്കൂളുകളിലെയും നിയമനം തുടങ്ങിയവ സംബ ന്ധിച്ച നിർദേശങ്ങൾക്ക് ഇളവ് നൽകിത്തന്നെയാണ് അധ്യാപകപാക്കേജ് വഴി അധ്യാപകർക്ക് 01/06/2011 മുതൽ നിയമനാംഗീകാരം നൽകാൻ സർക്കാർ നിർദേശിച്ചത്.

5) **<u>അന്യായമായും മാനേജരുടെ അറിവില്ലാതെയുമാണ് ഉപജില്ലാ വിദ്യാ ഭ്യാസ ഓഫീസർ ശ്രീമതി പി റംലയുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്</u>**

ശ്രീമതി. റംലയെപ്പോലെ ന്യൂ സ്കൂളുകളിലും, അൺ ഇക്കണോമിക് സ്കൂ ളുകളിലും ഒക്കെ നിയമിക്കപ്പെട്ട്, നിയമനാംഗീകാരവും ശമ്പളവുമില്ലാതെ ജോലി നോക്കിവന്നവരാണ് അധ്യാപകപാക്കേജിലെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി പൂർണമായും ശരി തന്നെയാണ്. മാത്രമല്ല അന്നത്തെ കാസർകോഡ് വിദ്യാഭ്യാസ ഉപഡയറ ക്ടർ, ശ്രീമതി പി റംലയുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ശിപാർ ശയും ചെയ്തിരുന്നു.

'മാനേജരുടെ അറിവില്ലാതെയാണ് ലിസ്റ്റിൽ ശ്രീമതി പി റംലയുടെ പേര് ഉൾപ്പെടുത്തിയത്' എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ കണ്ടെത്തിയത് അതിശയകരമാണ്. സ്കൂളിൽ ശമ്പളമില്ലാതെ തുടരുന്ന അധ്യാപകരുടെ ലിസ്റ്റ് ഉണ്ടാക്കുമ്പോൾ അതിന് മാനേജരുടെ അനുമതി വേണമെന്ന് ശഠിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. മാത്രമല്ല പരാമർശം (8) ലെ ഹിയറിംഗ് നോട്ട് വഴി ഈ സ്കൂളിന്റെ മാനേജർ അപേക്ഷിച്ചിരി ക്കുന്നത് "ഓഡിറ്റ് തടസ്സവാദം നീക്കി എത്രയും വേഗം ശ്രീമതി പി റംല യ്ക്ക് ശമ്പളം നൽകണമെന്നാണ്". താൻ നിയമിച്ച ഒരധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിക്കരുതെന്ന് ഏതു മാനേജരാണ് ആഗ്രഹിക്കുക? താൻ നിയമിച്ച അധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിക്കണമെന്നു മാത്രമേ ഇവിടെയും മാനേജർ ആവശ്യപ്പെടുന്നുള്ളൂ.

ഈ വിദ്യാലയത്തിൽ ശ്രീമതി പി റംലയ്ക്ക് തുടരാൻ തസ്തിക ലഭ്യമാണോ എന്ന വിവരവും തസ്തികനിർണയ ഫയലുകൾ പരിശോധിച്ച് വിലിയിരുത്തുകയു ണ്ടായി. 2006-07 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഈ സ്കൂളിൽ അറബിക് ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| വർഷം/ക്ലാസ്സ് | I | II | III | IV | ആകെ |
|---|---|---|---|---|---|
| 2006-07 | 12 | - | - | - | **12** |
| 2007-08 | 11 | 11 | - | - | **22** |
| 2008-09 | 6 | 11 | 9 | - | **26** |
| 2009-10 | 7 | 6 | 11 | 9 | **33** |
| 2010-11 | 7 | 7 | 5 | 15 | **34** |
| 2011-12 | 8 | 8 | 8 | 6 | **30** |
| 2012-13 | 7 | 9 | 6 | 8 | **30** |
| 2013-14 | 7 | 6 | 9 | 6 | **28** |
| 2014-15 | 7 | 9 | 5 | 7 | **28** |
| 2015-16 | 7 | 9 | 5 | 7 | **28** |

2006-07 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ശ്രീമതി പി റംലയ്ക്ക് തുടരുവാനായി സ്കൂളിൽ തസ്തിക ലഭ്യമാക്കാൻ മേൽപറഞ്ഞ കുട്ടികളുടെ എണ്ണം പര്യാപ്തമാണ്.

മേൽ പറഞ്ഞ വിശകലനങ്ങളിൽ നിന്ന്, കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി പി റംലയുടെ നിയമനാംഗീകാര വിഷയത്തിൽ ഉന്നയിച്ച ഓഡിറ്റ് തടസ്സവാദങ്ങളിലെ പൊള്ളത്തരം മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ. ഇത്തരം അന്ത:സാര ശൂന്യമായ ഓഡിറ്റ് തടസ്സവാദങ്ങളുടെ സൃഷ്ടിമൂലം, നിയമനാംഗീകാരത്തിന് പൂർണമായും അർഹതയുള്ള ഒരധ്യാപികയുടെ ശമ്പളം കഴിഞ്ഞ 30 മാസക്കാലമായി തടയപ്പെട്ടിരിക്കുന്നു എന്ന ഏറ്റവും പരിതാപകരമായ അവസ്ഥ മാത്രമേ സംജാതമായിട്ടുള്ളൂ.

ആയതിനാൽ പരാമർശം (2) ലെ കത്ത് വഴി കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ, ശ്രീമതി പി റംലയുടെ നിയമനാംഗീകാര വിഷയത്തിൽ ഉന്നയിച്ച ഓഡിറ്റ് തടസ്സവാദങ്ങളെല്ലാം ഇതിനാൽ റദ്ദ് ചെയ്യുന്നു. ഈ അധ്യാപികയുടെ തടഞ്ഞുവയ്ക്കപ്പെട്ട ശമ്പളം ഉൾപ്പെടെ മുഴുവൻ ആനുകൂല്യങ്ങളും ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അനുവദിച്ചു നൽകാൻ കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശവും നൽകുന്നു.

തസ്തികനിർണയ ഫയലുകൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലായ ഒരു പോരായ്മ 01/06/2011 മുതൽ ശ്രീമതി പി റംലയ്ക്ക് നിയമനാംഗീകാരം നൽകിയപ്പോൾ അതിനനുസൃതമായ തസ്തിക സൃഷ്ടിക്കാൻ കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രദ്ധ കാട്ടിയില്ല എന്നതാണ്. 2011-12 ലെ തസ്തിക നിർണയം പരിഷ്കരിച്ച് അറബിക് ടീച്ചറുടെ ഒരു പാർട്-ടൈം തസ്തിക കൂടി അനുവദിച്ചതിനുശേഷമായിരുന്നു ശ്രീമതി പി റംലയ്ക്ക് നിയമനാംഗീകാരം നൽകേണ്ടിയിരുന്നത്. ഈ തെറ്റ് ഇപ്പോഴും തുടരുന്നു എന്നതാണ് ദയനീയമായ മറ്റൊരു വസ്തുത. ഇക്കാര്യത്തിലായിരുന്നു വിദ്യാഭ്യാസ ഉപഡയറക്ടർ ഓഡിറ്റ് തടസ്സവാദം എഴുതേണ്ടിയിരുന്നത്. "അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം നൽകിയ ശ്രീമതി പി റംലയ്ക്ക് തുടരാൻ മതിയായ എണ്ണം കുട്ടികൾ ഉണ്ടെങ്കിലും തസ്തിക അനുവദിച്ചതായി കാണുന്നില്ല. 2011-12 മുതലുള്ള വർഷങ്ങളിൽ പ്രസ്തുത തസ്തിക അനുവദിച്ചുകൊണ്ട് തസ്തികനിർണയ ഉത്തരവുകൾ പരിഷ്കരിച്ച് ഉടൻ വിവരം റിപ്പോർട്ട് ചെയ്യുക" എന്ന് കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഡിറ്റിൽ തടസ്സവാദം/നിരീക്ഷണം എഴുതിയിരുന്നെങ്കിൽ അത് പ്രശ്നപരിഹാരത്തിന് ഉതകുമായിരുന്നു. മാത്രമല്ല അത് അധ്യാപകദ്രോഹവുമാകില്ലായിരുന്നു. ആയതിനാൽ ഒരു പാർട്-ടൈം എൽ.ജി അറബിക് ടീച്ചർ തസ്തിക കൂടി അനുവദിച്ച് 2011-12 മുതലുള്ള തസ്തികനിർണയ ഉത്തരവുകൾ പരിഷ്കരി

ക്കുവാൻ ഇതിനാൽ കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദേശം നൽകുന്നു. ശ്രീമതി പി റംലയ്ക്ക് ശമ്പളം നൽകുന്നതിനു മുമ്പ് തന്നെ ഈ നടപടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പൂർത്തീകരിക്കേണ്ടതാണ്. അതുപോലെ തന്നെ, ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായ ഒരു ഓഡിറ്റ് തടസ്സവാദം ഉണ്ടായപ്പോൾ തന്നെ വസ്തുതകൾ വിദ്യാഭ്യാസ ഉപഡയറക്ടറെ ബോധ്യപ്പെടുത്തുന്നതിനു പകരം അധ്യാപികയുടെ ശമ്പളം തടയാൻ ഉത്തരവിടുകയും നിയമനാംഗീകാരം റദ്ദ് ചെയ്യാൻ നടപടികൾ ആരംഭിക്കുകയും ചെയ്ത കാസർകോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രവൃത്തികൾ ഒരു വിദ്യാഭ്യാസ ഓഫീസർക്കും ഭൂഷണമായതല്ല എന്നുകൂടി പറയേണ്ടിയിരിക്കുന്നു.

സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നൽകിയ ശ്രീമതി പി റംലയുടെ 01/06/2011 മുതലുള്ള നിയമനാംഗീകാരത്തിന്മേൽ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പിൻബലമില്ലാത്ത ഓഡിറ്റ് തടസ്സവാദങ്ങൾ ഉന്നയിച്ച കാസർകോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉയർന്ന അധികാരകേന്ദ്രങ്ങളോടുള്ള തികഞ്ഞ അനാദരവായി മാത്രമേ കാണാൻ കഴിയൂ. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമാണ്. സർക്കാരിന്റെയോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ ഉത്തരവുകളിൽ വസ്തുതാപരമായ തെറ്റുകൾ ഉണ്ടെങ്കിൽ അത് ബന്ധപ്പെട്ട അധികാരികളെ അറിയിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് അവകാശമുണ്ട്. എന്നാൽ ഇത്തരത്തിൽ, യാതൊരു അടിസ്ഥാനവുമില്ലാത്ത ഓഡിറ്റ് തടസ്സവാദങ്ങൾ എഴുതി ഉയർന്ന അധികാരകേന്ദ്രങ്ങളെ വെല്ലുവിളിക്കുന്ന അച്ചടക്കലംഘനം തുടരാൻ അനുവദിക്കുന്നത് ഡിപ്പാർട്ടുമെന്റിന് മൊത്തത്തിൽ ആശാസ്യമായ കാര്യമല്ല. ആയതിനാൽ ശ്രീമതി പി റംലയുടെ നിയമനാംഗീകാര വിഷയത്തിൽ വസ്തുതാവിരുദ്ധമായ ഓഡിറ്റ് തടസ്സവാദം എഴുതിയവരും അത് നിലനിർത്തിയവരും ഒക്കെ മാതൃകാപരമായി ശിക്ഷിക്കപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഇതു പോലുള്ള കുറ്റകരവും അബദ്ധജഡിലവുമായ ഓഡിറ്റ് തടസ്സവാദങ്ങളുടെ നിർമ്മാണം ഒരു തുടർപ്രക്രിയ ആകാതിരിക്കൂ. ഓഡിറ്റിംഗിന്റെ പേരിലുള്ള ഇത്തരം അധ്യാപകദ്രോഹ നടപടികൾ ഇനി സംസ്ഥാനത്ത് ഒരു ജില്ലയിലും ആവർത്തിക്കരുത്. ആയതിനാൽ ഈ വിഷയത്തിൽ കുറ്റക്കാരെ കണ്ടെത്തി അവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തിൽ നിന്ന് കൈക്കൊള്ളേണ്ടതാണ്.

ജിമ്മി.കെ.ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

സ്വീകർത്താവ്

1. ശ്രീമതി പി റംല, എൽ.ജി അറബിക് ടീച്ചർ (പാർട്-ടൈം), കെ.സി.എൻ.എം.എ. എൽ.പി സ്കൂൾ, ശങ്കരമ്പാടി, കാസർകോഡ് ജില്ല
2. മാനേജർ, കെ.സി.എൻ.എം.എ. എൽ.പി സ്കൂൾ, ശങ്കരമ്പാടി, കാസർകോഡ്
3. വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർകോഡ്
4. ജില്ലാ വിദ്യാഭ്യാസ ആഫീസർ, കാസർകോഡ്
5. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, കാസർകോഡ്
6. സൂപ്രണ്ട്, വിജിലൻസ് വിഭാഗം, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (ഫയൽ നമ്പർ ജി1/5091/2015 സഹിതം-കുറിപ്പു ഫയൽ-15 പേജുകൾ, കറസ്പോണ്ടൻസ് ഫയൽ-152 പേജുകൾ)
7. സൂപ്രണ്ട്, "എച്ച്" സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (അറിവിലേക്ക്)
8. കരുതൽ ഫയൽ